# St. George UPS, Anavilasam

ST GEORGE'S UPS
ANAVILASAM

# Academic Master Plan-2025-26

## SCHOOL PROFILE

| | |
|---|---|
| സ്ഥാപിതം................................. | 1956 |
| സ്കൂൾ കോഡ്............................ | 30442 |
| പഞ്ചായത്ത്............................. | അയ്യപ്പൻകോവിൽ |
| ബി.ആർ സി............................ | പീരുമേട് |
| വിദ്യഭ്യാസ ഉപജില്ല............... | പീരുമേട് |
| എ. ഇ. ഒ..................................... | എം രമേഷ് |
| BPC............................................. | അനീഷ് തങ്കപ്പൻ |
| സ്കൂൾ മാനേജർ....................... | ഫാ. റോബിൻ പട്രക്കാലായിൽ |
| HEADMASTER.............................. | ബിജു ജേക്കബ് |
| പി.റ്റി .എ പ്രസിഡൻറ്........... | ബിജു പീറ്റർ |
| എം.പി.റ്റി എ പ്രസിഡൻറ്.... | ശാന്തിനി സതീഷ് |
| സീനിയർ അസിസ്റ്റൻറ് | Sr .സോണിയ സേവ്യർ |
| SRG കൺവീനർ | ഡയാന ജോസഫ് |



# *Introduction*

"A goal without a plan is just a wish." - Antoine de Saint-Exupéry

ആനവിലാസം സെന്റ്  ജോർജ് സ്കൂൾ അതിൻ്റെ 70-ാം വർഷത്തിലേക്ക് കടക്കുമ്പോൾ സ്കൂളിലെ മുന്നോട്ടുള്ള പ്രവർത്തനങ്ങളുടെ ആണിക്കല്ല് എന്ന് പറയുന്നത് ഒരോ അധ്യയന വർഷാരംഭത്തിലും കഴിഞ്ഞ വർഷങ്ങളിലെ നേട്ടങ്ങളെയും, കോട്ടങ്ങളെയും സമഗ്രമായി വിലയിരുത്തി അവധാനപൂർവ്വം തയ്യാറക്കപ്പെടുന്ന അക്കാദമിക് മാസ്റ്റർ പ്ളാനിലാണ്, സ്കൂളിൻ്റെ വളർച്ചയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രധാന പങ്കുവഹിക്കുന്നു. ഓരോ വർഷവും സ്കൂളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെ മുൻകൂട്ടി കണ്ടെത്തുകയും അത് നടപ്പിലാക്കാൻ ആവശ്യമായ കാര്യങ്ങൾ കൂട്ടായ ചർച്ചകളിലൂടെ തീരുമാനിക്കുകയും കുട്ടികളിലേക്ക് എത്തിക്കുകയും ചെയ്യാൻ നമുക്ക് മാസ്റ്റർ പ്ലാനിലുടെ സാധിക്കുന്നു

മാതാപിതാക്കൾ, PTA, മാനേജ്മെൻ്റ് എന്നിവർ നൽകിയ നിർദ്ദേശങ്ങൾക്കൊപ്പം നമ്മുടെ പ്രിയപ്പെട്ട അധ്യാപകരുടെ ആശയങ്ങൾ കൂടി ചേർന്നപ്പോൾ കുട്ടികളുടെ കഴിവുകളെ കണ്ടെത്താനും പരിപോഷിപ്പിക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ ഈ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വന്തം കുട്ടികളെപ്പോലെ തങ്ങളുടെ മുന്നിലെത്തുന്ന കുട്ടികളെ കാണാൻകഴിയുന്ന അധ്യാപക അനധ്യാപക കൂട്ടായ്മയും അതിന് എല്ലാ സഹായവുമായി ഒപ്പംചേർന്നുനിൽക്കുന്ന മാനേജ്മെൻ്റും PTA -MPTA അംഗങ്ങളും നല്ലവരായ നാട്ടുകാരും ചേരുമ്പോൾ തിളക്കമാർന്ന ഒരു അക്കാദമിക്     വർഷം തന്നെയാണ് നമ്മുടെ മുമ്പിൽ

ആന വിലാസം സ്കൂളിനെ മികവിൻ കേന്ദ്രങ്ങളായി മാറ്റാനുള്ള ശ്രമങ്ങളുടെ ഭാഗമാണ് ഇതിലെ ഓരോ പ്രവർത്തനങ്ങളും. കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തന മികവിൻ്റ അടിസ്ഥാനത്തിൽ തങ്ങളുടെ കുട്ടികളെ ആത്മവിശ്വാസത്തോടു കൂടി ഈ വിദ്യാലയത്തിലേക്കയക്കുന്ന ഈ നാട്ടിലെ മാതാപിതാക്കളുടെ പ്രതീക്ഷകൾക്ക് ഒപ്പം നിൽക്കുന്ന പ്രവർത്തനം കാഴ്ചവെയ്ക്കുവാനുതകുന്ന വിധത്തിലാണ് ഈ രൂപരേഖ തയ്യാറക്കിയിരിക്കുന്നത്.

ഈ സ്കൂളിനെ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കുന്നതിനായി ഒപ്പം നിലകൊള്ളുന്ന എല്ലാ അഭ്യുദയകാംഷികൾക്കുമായി ഈ മാസ്റ്റർ പ്ളാൻ സമർപ്പിക്കുന്നു.

**ഹെഡ് മാസ്റ്റർ (ബിജു ജേക്കബ്)**

*"How much better to get wisdom than gold, to get insight rather than silver!"* - ***Proverbs 16:16:***

SGUPS Anavilasam
SGUPS#70

ST GEORGE'S UPS
ANAVILASAM

# St. George UPS, Anavilasam

SGUPS#70

## നമ്മുടെ വിദ്യാലയം - OUR VISION

**Vision:** *To create a nurturing and challenging academic environment that empowers every student at St. George UP School, Anavilasam, to become a confident, well-rounded individual with a lifelong love of learning.*

SGUPS, Anavilasam

## Core Values:

**Student-centered learning:** *We prioritize the needs and learning styles of each student.*

**Academic excellence**: *We provide a rigorous curriculum that fosters critical thinking and problem-solving skills.*

**Holistic development:** *We cultivate intellectual, emotional, social, and physical well-being in our students.*

**Innovation:** *We embrace new and effective teaching methods to enhance learning outcomes.*

**Collaboration:** *We encourage teamwork and communication among students, teachers, and parents.*

## നമ്മുടെ സ്കൂൾ

- " വീടുപോലെ സന്തോഷകരമായ ഇടം.
- "കുട്ടികൾ വരാനിഷ്ടപ്പെടുന്ന ഇടം.
- "ജനാധിപത്യബോധം വളരുന്ന ഇടം
- "സ്കൂൾതന്നെ ഒരു പാഠപുസ്തകമാകുന്ന ഇടം
- "പ്രദേശത്തെ എല്ലാ കുട്ടികൾക്കും പഠിക്കാൻ ഉതകുന്ന പഠനസൗകര്യങ്ങൾ ലഭ്യമാകുന്ന ഇടം'
- "വികസനത്തിന് ഗ്രാമവും വിദ്യാലയവും കൈകോർക്കുന്ന ഇടം
- "അധ്യാപകരും വിദ്യാർത്ഥികളും തങ്ങളുടെ പ്രവർത്തനങ്ങൾ സന്തോഷത്തോടെ നിർവ്വഹിക്കുന്ന ഇടം

## നമ്മുടെ ക്ലാസ്റൂം

- "അറിവ് വളരുന്ന ഇടം'
- " പൗരബോധവും, സാമൂഹികബോധവും വളരുന്ന ഇടം
- "അറിവിലധിഷ്ഠിതമായ കൂട്ടായ പ്രവർത്തനങ്ങളുടെ ഇടം
- "ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന ഇടം
- "മൂല്യങ്ങൾ, പെരുമാറ്റരീതികൾ എന്നിവ രൂപപ്പെടുന്ന ഇടം"
- " നൈപുണ്യ വികസനത്തിനായുള്ള ഇടം
- "നിർഭയവും സ്വതന്ത്രവുമായി കുട്ടികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുന്ന ഇടം'
- "Brainstorming നടത്തപ്പെടുന്ന ഇടം'

## നമ്മുടെ കുട്ടികൾ

- "ഓരോ വിഷയത്തിലും ഉന്നതനിലവാരത്തിലുള്ള അറിവും അനുഭവവും ആർജിക്കേണ്ടവർ"
- "വെല്ലുവിളികൾ ഏറ്റെടുക്കുന്നവർ
- " സാമൂഹിക, ജനാധിപത്യബോധത്തിന്റെ ഉടമകൾ
- "മാതൃകയാക്കാവുന്ന പെരുമാറ്റശീലങ്ങൾ ആർജിക്കേണ്ടവർ

SGUPS, Anavilasam

- അധ്യാപകരുടെ പിന്തുണ ഉപയോഗപ്പെടുത്തി വിജ്ഞാനം ആർജിക്കുന്നവർ"
- "ഉയർന്ന ഭാഷാശേഷി ആർജിക്കേണ്ടവർ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി)"
- "ശാസ്ത്രബോധത്തിന്റെ ഉടമകളാകേണ്ടവർ"
- " ഉയർന്ന സാമൂഹികമൂല്യങ്ങളും ശീലങ്ങളും ചരിത്രബോധവും ആർജിക്കേണ്ടവർ"
- "നിത്യജീവിതപ്രശ്നങ്ങൾ, നേടിയ വിജ്ഞാനമുപയോഗിച്ച് പരിഹരിക്കേണ്ടവർ!
- "തുടർപഠനത്തിനുള്ള വിജ്ഞാനവും ഉയർന്ന വിഷയധാരണയും സ്വായത്തമാക്കേണ്ടവർ"

## നമ്മുടെ അധ്യാപകർ -

- "ഗവേഷണാത്മകമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ"
- "ക്ലാസ്സ്മുറിയെ വിജ്ഞാനനിർമിതിക്കുള്ള ഇടമാക്കി മാറ്റുന്നവർ"
- "പഠനത്തിൽ പ്രാദേശികസാധ്യത ഉപയോഗപ്പെടുത്തുന്നവർ"
- "കുട്ടിയുടെ പ്രകൃതം പരിഗണിച്ച് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ"
- "സമയബന്ധിതമായും സർഗാത്മകമായും ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവർ"
- "പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കി മാറ്റി കുട്ടികളെ സ്ക്കൂളിലേക്ക് ആകർഷിക്കുന്നവർ"
- "പ്രവർത്തനാധിഷ്ഠിത പഠനത്തിലൂടെ ഓരോ വിഷയത്തിലും ഏറ്റവുമുയർന്ന നിലവാരത്തിൽ ഓരോ കുട്ടിയേയും എത്തിക്കുന്നവർ"
- "പ്രാദേശികസാധ്യതകൾ പ്രയോജനപ്പെടുത്തി, പഠനം കൂടുതൽ പരിസരബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമാക്കുന്നവർ"
- "വിദ്യാലയത്തിലെ ഓരോ ഇടവും ടാലന്റ് ലാബുകളാക്കുന്നവർ"
- "ഓരോ മേഖലയിലും പ്രതിഭകൾക്കു വേണ്ട പ്രവർത്തനങ്ങൾ നൽകുന്നവർ"
- "പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഷയത്തിലും ആവശ്യമായ കൈത്താങ്ങ് നൽകുന്നവർ"

SGUPS, Anavilasam

## വിഭാഗങ്ങൾ

- മലയാളം
- ഇംഗ്ലീഷ്
- ഹിന്ദി
- സംസ്കൃതം
- അടിസ്ഥാന ശാസ്ത്രം
- സാമൂഹ്യശാസ്ത്രം
- ഗണിതം
- കലാ, കായിക, ആരോഗ്യ, പഠനം
- പ്രവൃത്തിപരിചയ പഠനം

## ക്ലബ്ബ് പ്രവർത്തനങ്ങൾ

SGUPS, Anavilasam

- സയൻസ് ക്ലബ്ബ്
- പരിസ്ഥിതി ക്ലബ്ബ്
- ഗണിത ക്ലബ്ബ്
- English Club
- ഹിന്ദി ക്ലബ്ബ്
- സംസ്കൃത ക്ലബ്
- സാമൂഹ്യശാസ്ത്രക്ലബ്ബ്
- വിദ്യാരംഗം കലാസാഹിത്യവേദി
- ശുചിത്വ ക്ലബ്ബ്
- Innovative Thinkers Club
- Nature ക്ലബ്ബ്

SGUPS#70

ST GEORGE'S UPS
ANAVILASAM

# Creative Sparks of the Year

## 1. The Center Student

കുട്ടിയുടെ പഠന പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തി ഒരു ബെഞ്ചിലെ ഒരു കുട്ടിയെ 'Center student' ആക്കുന്നു. ഒരോ 15 ദിവസം കൂടുമ്പോഴും Central student ആകാൻ ഓരോ ബഞ്ചിലെ കുട്ടിക്കും അവസരം നൽകുന്നു... Central Student - ന് പ്രത്യേക ബാഡ്ജ് നൽകുന്നു. ഒരു ബഞ്ചിലെ എല്ലാ കുട്ടിയേയും 3 പ്രാവശ്യമെങ്കിലും Central Student ആക്കുന്ന ബെഞ്ചിലെ  കുട്ടികൾക്ക് പ്രത്യേക സമ്മാനം നൽകുന്നു.

## 2. Money Time

ധനവും ധനവിനിമയ മാർഗ്ഗങ്ങളും, ബാങ്കിങ്ങ് സംവിധാനം, സാമ്പത്തീക ശാസ്ത്രം എന്നിവയിൽ അറിവു നൽകുന്നതോടൊപ്പം, കുട്ടികളിൽ സമ്പാദ്യ ശീലങ്ങൾ വർദ്ധിപ്പിക്കാനും Money Time ലക്ഷ്യമിടുന്നു.

## 3. AI Workshop

Artificial Intelligence നെക്കുറിച്ച് കുട്ടികൾക്ക് അടിസ്ഥാന ധാരണ നൽകുവാനും, AI യുടെ ഉപയോഗങ്ങൾ, സാധ്യതകൾ തുടങ്ങിയവ കുട്ടികളെ പരിചയപ്പെടുത്തുന്ന തിനും ആയി ഒരു സെമിനാർ ഈ വർഷംനടത്തുന്നു

ലക്ഷ്യങ്ങൾ മാറുന്ന ലോകത്ത് AI സാധ്യതകൾ കുട്ടികൾ മനസ്സിലാക്കുന്നതിന് AI മേഖലയിൽ കുട്ടികളുടെ അറിവും താൽപര്യവും വർദ്ധിപ്പിക്കുവാനും തൊഴിൽ സാധ്യതകൾ മനസ്സിലാക്കുന്നതിനും

## 4. GK related to the month

ഓരോ മാസത്തിലേയും പ്രത്യേക ദിനങ്ങൾ, ആഘോഷങ്ങൾ, ചരിത്രപരമായ പ്രത്യേകതകൾ, ആനുകാലിക സംഭവങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള പൊതുവിജ്ഞാന പഠനമാണ് GK Related to that Month എന്ന പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

ലക്ഷ്യങ്ങൾ

പ്രധാന ദിവസങ്ങളെ കുറിച്ചുള്ള ലേഖനങ്ങൾ, കഥകൾ, കവിതകൾ, പ്രസംഗങ്ങൾ തുടങ്ങിയവ എഴുതാനും വായിക്കാനും പ്രോത്സാഹിപ്പിക്കുക (ഭാഷാ പഠനം)

ചരിത്ര സംഭവങ്ങൾ, സാംസ്കാരിക പ്രത്യേകതകൾ എന്നിവ ഓരോ മാസവുമായി ബന്ധപ്പെടുത്തി പഠിക്കുക (സാമൂഹ്യപാഠം)

പ്രകൃതിയിലെ മാറ്റങ്ങൾ, കാലാവസ്ഥ, പൂക്കൾ, പഴങ്ങൾ ശാസ്ത്രജ്ഞരുടെ ജന്മദിനങ്ങൾ, കണ്ടുപിടുത്തങ്ങൾ തുടങ്ങിയവ മാസങ്ങളുമായി ബന്ധപ്പെടുത്തി പഠിപ്പിക്കുക. (സയൻസ്)

മാസങ്ങൾ ദിവസങ്ങൾ കലണ്ടർ എന്നിവ ഗണതവുമായി ബന്ധപ്പെടുത്തി പഠിപ്പിക്കുക

SGUPS, Anavilasam

## 5. Talent Hunt

കഥാരചന, കവിതാരചന, ചിത്രരചന കവിതാആലാപനം, അഭിനയം എന്നിവയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തുകയും അവർക്ക് പ്രത്യേക പരിശീലനം നൽകി വിവിധമത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ Talent Hunt സ്കൂളിൽ June മാസത്തിൽ തന്നെ നടത്താൻ തീരുമാനിച്ചു.

## 6. അക്ഷരങ്ങൾക്കൊപ്പം ഒരു സഞ്ചാരം

ലയാളത്തിന്റെ മഹത്വം കുട്ടികളിൽ എത്തിക്കുന്നതിനായി ഇ വർഷം നടപ്പിലാക്കുന്ന പദ്ധതിയാണിത്

**ലക്ഷ്യങ്ങൾ**

പത്രവായന പ്രോത്സാഹിപ്പിക്കുക, വാർത്തകൾ, പത്രക്കുറിപ്പുകൾ എന്നിവ തയ്യാറാക്കുന്നതിലുടെ മലയാളത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുക

അക്ഷരങ്ങൾ കൂടുതൽ നന്നായി ഉറപ്പിക്കുന്നതിനായി

പഠന പിൻതുണ ആവശ്യമുള്ള കുട്ടികൾക്ക് വേണ്ട പരിഗണനയും പരിശീലനവും കൃത്യമായി നൽകുക.

രാവിലെയും ഉച്ചസമയത്തും വൈകുന്നേരവും പ്രത്യേക പരിശീലനങ്ങൾ നൽകുന്നതിലൂടെ എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും പ്രാപ്തരാകുക

SGUPS Anavilasam

## 7. Parents Participation Program

ഒരോ ടേം പരീക്ഷക്കും ശേഷം ക്ലാസ് റ്റീച്ചേഴ്സ് കുട്ടികളുടെ വീട് സന്ദർശിക്കുകയും കുട്ടിയുടെ പഠനത്തെക്കുറിച്ചും കഴിവുകളെക്കുറിച്ചും മാതാപിതാക്കളോട് സംസാരിക്കുകയും ചെയ്യുന്നു. സ്കൂളിൻ്റെയും കുട്ടികളുടേയും സമഗ്രവികസനത്തിനു വേണ്ട നിർദ്ദേശങ്ങൾ മാതാപിതാക്കളിൽ നിന്ന് സ്വീകരിക്കുന്നു. മാതാപിതാക്കളുടെ നിർദ്ദേശമനുസരിച്ച് പാഠ്യ പാഠ്യേതരഗങ്ങളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നു...

## 8. English Fest

ഓരോ ടേമിലും English Fest നടത്തുന്നു. English ഭാഷയോടുള്ള കുട്ടികളുടെ ഭയം മാറ്റാൻ ലക്ഷ്യമിട്ടുള്ള ഈ പ്രോഗ്രാമിൽ കഥ, കവിത. നാടകം, സ്കിറ്റ് പ്രസംഗം, തുടങ്ങിയവ ഇഗ്ലീഷിൽ അവതരിപ്പിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു.

## 9. Know your Country

നമ്മുടെ രാജ്യത്തെയും സസ്ഥാനത്തേയും പറ്റി കുട്ടികൾ കൂടുതൽ മനസ്സിലാക്കാൻ ലക്ഷ്യമിട്ട് Know Your Countryനമ്മുടെ സ്കൂളിൽ നടപ്പിലാക്കുന്നു. ഭൂപടത്തിന്റെ സഹായത്തോടെ ഇന്ത്യയെക്കുറിച്ചും ഇന്ത്യയിലെ 28 സംസ്ഥാനങ്ങളെക്കുറിച്ചും 8 കേന്ദ്രഭരണപ്രദേശങ്ങളെക്കുറിച്ചും കുട്ടികൾ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങളെക്കുറിച്ചും അറിവുനൽകുന്ന പ്രവർത്തങ്ങൾ ഉണ്ടാകും

## 10. The Georgians against Drugs

ലഹരിയുടെ ഉപയോഗം സമൂഹത്തിൽ ഉണ്ടാക്കുന്ന വിപത്തിനെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ “The Georgins Against Drugs” നമ്മുടെ സ്കൂളിൽ നടപ്പിലാക്കുന്നു. ഇതിലൂടെ നാളെയുടെ നല്ല പൗരൻമാരെ വാർത്തെടുക്കാൻ സ്കൂൾ ലക്ഷ്യമിടുന്നു

## 11. The reading Wizard

മാസത്തിൽ ഒരിക്കൽ English, Malayalam, Hindi എന്നിവയുടെ Reading test ക്ലാസ് അടിസ്ഥാനത്തിൽ സ്കൂളിൽ നടപ്പിലാക്കുന്നു. ഓരോ ക്ലാസിൽ നിന്നും തിരഞ്ഞെടുക്കുന്ന ഏറ്റവും നല്ല Reader - ന് സമ്മാനം നൽകുന്നു അവർക്ക് വായിക്കാൻ ബുദ്ധിമുട്ടുള്ളവരെ സഹായിക്കാനുള്ള ചുമതല നൽകുന്നു. ജൂൺ മുതൽ ഫെബ്രുവരി വരെ തിരഞ്ഞെടുക്കുന്നവരിൽ നിന്ന് മാർച്ച് മാസത്തിൽ ഏറ്റവും നല്ല റീഡറെ കണ്ടെത്തുന്നു

SGUPS, Anvilasam

## മലയാളം

**ലക്ഷ്യങ്ങൾ**

1. എഴുതാനും, വായിക്കാനും, സംവദിക്കാനുമുള്ള ശേഷികൾ വികസിപ്പിക്കുന്നതിന്

2. സാഹിത്യാഭിരുചി വളർത്തുന്നതിനും സർഗ്ഗാത്മക പ്രോത്സാഹിപ്പിക്കുന്നതിനും

3.വായനയിലും ലൈബ്രറി ഉപയോഗത്തിലും താൽപ്പര്യം വളർത്തുന്നതിന്

**പ്രവർത്തനങ്ങൾ**

**1. നിറവ് -ഭാഷാ ക്യാമ്പ്**

ഭാഷാ ശേഷികൾ വികസിപ്പിക്കുന്നതിന് നിറവ് എന്ന പേരിൽ ക്യാമ്പ് നടത്തുന്നു. നാടക പരിശീലനം, വായനാ കാർഡ് നിർമാണം, പദപ്രശ്ന രൂപീകരണം, കവിതാ -കഥാ രചനാശിൽപ്പശാല എന്നിവ ക്യാമ്പിന്റെ ഭാഗമാക്കുന്നു.

നിറവ് -ഭാഷാ ക്യാമ്പ്

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലാസ്സ് അധ്യാപകൻ / അധ്യാപിക |

**2. പത്രപാരായണ മത്സരം**

നിത്യവും 5 മിനിട്ട് പത്രപാരായണം ക്ലാസ്സുകളിൽ ശീലമാക്കുന്നു. മാസത്തിലൊരിക്കൽ പത്രപാരായണ മത്സരം നടത്തി വിജയികൾക്ക് കൂടുതൽ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരം നൽകുന്നു.

പത്രപാരായണ മത്സരം

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലാസ്സ് അധ്യാപകൻ / അധ്യാപിക |

**3. ക്ലാസ്സ്റൂം ലൈബ്രറി നവീകരണം**

കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ ക്ലാസ്സ് ലൈബ്രറികൾ നവീകരിക്കുന്നു. കുട്ടികൾ കാറ്റലോഗ് തയ്യാറാക്കുന്നു. ക്ലാസ്സ് ലൈബ്രേറിയനെ പുസ്തകവിതരണത്തിൻ്റെ ചുമതല ഏൽപ്പിക്കുന്നു.

SGUPS Anavilasam

ക്ലാസ്സ്റൂം ലൈബ്രറി നവീകരണം

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലാസ്സ് അധ്യാപകൻ / അധ്യാപിക |

**4. ഇന്നത്തെ വാക്ക്**

പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് ഓരോ ദിവസവും അന്നത്തെ പഠനത്തെ ആസ്പദമാക്കി ഒരു വാക്കു വീതം പ്രത്യേകം സജ്ജീകരിച്ച ചാർട്ടിൽ സ്റ്റിക്കർ പേപ്പറിൽ എഴുതി ഒട്ടിക്കാൻ അവസരം നൽകുന്നു. ഇവ ഉപയോഗിച്ച് കുട്ടികൾ തന്നെ വിവിധ ടേമുകളുടെ അവസാനം കേട്ടെഴുത്ത് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ഇന്നത്തെ വാക്ക്

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപകൻ / അധ്യാപിക |

**5. ക്ലാസ്സ് പത്രങ്ങൾ**

ഓരോ ക്ലാസ്സിലും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഓരോ ടേമിലും ഒന്നു വീതം ക്ലാസ്സ് പത്രം തയ്യാറാക്കുന്നു. ക്ലാസ്സിലെ പ്രധാന വാർത്തകൾ, സ്കൂൾ വാർത്തകൾ, കുട്ടികളുടെ സർഗ്ഗാത്മകരചനകൾ എന്നിവ ഇതിൽ ഉൾപ്പെടുത്തുന്നു. അസംബ്ലിയിൽ

വച്ച് ക്ലാസ്സ് പത്രങ്ങൾ പ്രകാശനം ചെയ്യുന്നു. ഓഫീസ് റൂമിനു പുറത്ത് പ്രത്യേകം സ്ഥലം ക്രമീകരിച്ച് ഇവ സ്ഥിരമായി പ്രദർശിപ്പിക്കുന്നു.

**ക്ലാസ്സ് പത്രങ്ങൾ**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപകൻ / അധ്യാപിക |

**6. ഭാഷാപഠനത്തിന് സർഗ്ഗവേളകൾ**

ആഴ്ചയുടെ അവസാനം ക്ലാസ്സ്തലത്തിൽ നടക്കുന്ന സർഗ്ഗവേളകളിലെ ഭാഷാപഠനസാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നു. എല്ലാ സർഗ്ഗവേളകൾക്കും കുട്ടികൾ തന്നെ പ്രോഗ്രാം നോട്ടീസ് തയ്യാറാക്കുന്നു. പ്രസംഗം/പ്രഭാഷണം, പാഠഭാഗങ്ങളുടെ രംഗാവിഷ്കാരം, പാഠഭാഗവുമായി ബന്ധമുള്ള കവിതകൾ/മറ്റു വ്യവഹാരരൂപങ്ങൾ എന്നിവയുടെ അവതരണം സർഗ്ഗവേളകളിൽ ഉറപ്പാക്കുന്നു.

**ഭാഷാപഠനത്തിന് സർഗ്ഗവേളകൾ**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപകൻ / അധ്യാപിക |

## ENGLISH

**Objectives:**

1. Enrich language fluency and vocabulary

2. Develop skills in listening, speaking, reading and writing

3. Help students to use different discourses in English fluently

4. Help students to use English as a global language

Activities:

**1. 'Story time'**

Arranging half an hour after lunch break once in every month as 'story time'. English cartoon stories will be displayed for this. Students watch and write the names of characters, major dialogues and title for different scenes (paused) as extension activities. Students keep separate Story book for these activities. Proper time table with precise time schedule will be set for every class before executing the program.

**'Story time'**

| Time period | Facilitator |
|---|---|
| June-March | English Teacher |

**2. English news letter**

English news letter containing different works of students in various discourses will be printed and published in A3 size once in a term. Separate editorial board will be formed for this activity.

**English news letter**

| Time period | Facilitator |
|---|---|
| June-March | English Teacher |

SGCS Anavilasam

**3. English theatre camp**

One day English theatre camp will be provided for the students once in a year. It will contain various theatre games with a variety of language use. For example: Radio drama. Students will be grouped for this activities and there will be a common ending and presentation.

**English Theater Camp**

| Time period | Facilitator |
|---|---|
| June-March | English Teacher |

**4. 'My dictionary'**

Students prepare my dictionary by adding learned words and meanings every day. They arrange pages in alphabet order. Spelling competitions will be held based on these collections of words. They can add more words when they find more meanings from the real dictionary. They will be displayed in class PTAs.

Anavilasam

**My Dictionary**

| Time period | Facilitator |
|---|---|
| June-March | English Teacher |

**5. Collection of Wrappers and Authentic materials (project)**

Students make separate collections of wrappers and authentic materials such as real notices, posters, letters, bills etc. They list out the words which they identified from different wrappers in the project report and present the collections and project report in the class. They add the new words to their 'My Dictionary'.

**Collection of Wrappers and Authentic Materials**

| Time period | Facilitator |
|---|---|
| June-March | English Teacher |

## ഹിന്ദി

### ലക്ഷ്യങ്ങൾ

1. ഹിന്ദി ഭാഷയിൽ ലേഖനം, ഭാഷണം, ശ്രവണം, വായന എന്നീ ശേഷികൾ മെച്ചപ്പെടുത്തുന്നതിന്

2. സ്വാഭാവിക സാഹചര്യങ്ങളിൽ ഭാഷ ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ച് ഹിന്ദിയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കൽ

### പ്രവർത്തനങ്ങൾ

1. **അക്ഷരകാർഡ് നിർമാണം**

വിവിധ അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയുടെ അക്ഷരകാർഡുകൾ വിവിധ

വർണങ്ങളിൽ കുട്ടികൾ തയ്യാറാക്കുന്നു. ഇവ ക്രമീകരിച്ച് അധ്യാപികയുടെ നിർദ്ദേശാനുസരണം വാക്കുകൾ സന്ദർശിക്കുന്നു. ബുള്ളറ്റിൻ ബോർഡിൽ ഇവ പ്രദർശിപ്പിക്കുന്നു.

**അക്ഷരകാർഡ് നിർമാണം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപകൻ/അധ്യാപിക |

**2. ഹിന്ദി**

പ്രത്യേക മൊഡ്യൂൾ ഉപയോഗിച്ച് പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളുടെ ഭാഷാശേഷികൾ വികസിപ്പിക്കുന്നതിന് ഹിന്ദി ക്യാമ്പ് നൽകുന്നു. 45 മിനിട്ട് വീതമുള്ള ഓരോ സെഷനുകളിലായി 20 ദിവസം കൊണ്ട് ക്യാമ്പ് പൂർത്തിയാക്കാം.

**ഹിന്ദി**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/അധ്യാപകൻ |

**3. ചിത്രവായന**

മൃഗങ്ങൾ, പക്ഷികൾ, സ്ഥലങ്ങൾ തുടങ്ങിയ ചിത്രങ്ങൾ ഉപയോഗിച്ച് കഥാരചന നടത്തുന്നു. വ്യത്യസ്തരീതികളിൽ ആവിഷ്കരിക്കപ്പെടുന്ന കഥകൾ ചർച്ച

പ്രദർശിപ്പിക്കുന്നു, അവതരിപ്പിക്കുന്നു. ചിത്രങ്ങൾക്ക് അനുയോജ്യമായ അടിക്കുറിപ്പുകൾ നൽകുന്നു.

**ചിത്രവായന**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/അധ്യാപകൻ |

SGUPS, Anavilasam

## അടിസ്ഥാന ശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. നൂതനശാസ്ത്രനേട്ടങ്ങൾ കുട്ടികൾക്കു പരിചിതമാക്കൽ

2. നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവയിലേർപ്പെടുന്നതിന് കട്ടികളിൽ താൽപ്പര്യം സൃഷ്ടിക്കൽ

3. ശാസ്ത്രപദങ്ങൾ എളുപ്പത്തിൽ സ്വായത്തമാക്കുന്നതിനു വേണ്ട പിന്തുണ നൽകൽ

**പ്രവർത്തനങ്ങൾ**

1. **ശാസ്ത്രനിഘണ്ടു നിർമാണം**

ഓരോ ദിവസവും പരിചയപ്പെടുന്ന ശാസ്ത്രപദങ്ങൾ ക്രമീകരിച്ച് അക്കാദമികവർഷത്തിന്റെ ആരംഭത്തിൽ തന്നെ ഓരോ കുട്ടിയും ശാസ്ത്രനിഘണ്ടു നിർമിക്കൽ, ഓരോ ക്ലാസ്സുകളിലും ലഭിക്കുന്ന പുതിയ വിവരങ്ങൾ കൂട്ടിച്ചേർത്ത് നിഘണ്ടു വിപുലീകരിക്കൽ,

**ശാസ്ത്രനിഘണ്ടു നിർമാണം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

**2. വിസ്മയച്ചുവർ**

ഓരോ ക്ലാസ്സിലും പ്രത്യേകം ക്രമീകരിച്ച ബോർഡിൽ/ ഫ്ലൂറസൻ്റ് ചാർട്ടിൽ ആനുകാലിക സയൻസ് കണ്ടുപിടുത്തങ്ങൾ, ശാസ്ത്രസംബന്ധിയായ പത്രകട്ടിങ്ങുകൾ എന്നിവ ഉൾപ്പെടുത്തി കുട്ടികൾ വിസ്മയച്ചുവർ തയ്യാറാക്കുന്നു. വിസ്മയച്ചുവരിലെ പ്രദർശനവസ്തുക്കളെ അടിസ്ഥാനമാക്കി ഓരോ മാസവും ക്ലാസ്സ്തല ക്വിസ് മത്സരം കുട്ടികൾ തന്നെ നടത്തുന്നു.

**വിസ്മയച്ചുവർ**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

**3. ശാസ്ത്രോത്സവം**

ശാസ്ത്രപരീക്ഷണങ്ങൾക്കായി ഏകദിനശാസ്ത്രോത്സവം നടത്തുന്നു. യു.പി. ക്ലാസ്സുകളിലെ കുട്ടികൾക്കനുയോജ്യമായ പരീക്ഷണങ്ങൾ ലിസ്റ്റു ചെയ്ത് കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ശാസ്ത്രോത്സവം നടത്തുന്നു. പരീക്ഷണക്കുറിപ്പുകൾ ശേഖരിച്ച് വിലയിരുത്തുന്നു.

**ശാസ്ത്രോത്സവം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

## സാമൂഹ്യശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. ചരിത്രപഠനതാൽപ്പര്യം വളർത്താനുതകുന്ന രീതിയിൽ ചുറ്റുപാടിൽ നിന്ന് ചരിത്രരചന നടത്തൽ

2. ഭൂമിശാസ്ത്രപഠനത്തിന് പ്രദേശിക സാധ്യതകൾ ഉപയോഗപ്പെടുത്തൽ

3. ആനുകാലിക സംഭവങ്ങളിലുള്ള അറിവ് വികസിപ്പിക്കുന്നതിനും കുട്ടികളിൽ സ്വയംപഠനത്തിനുള്ള ശേഷി വികസിപ്പിക്കുന്നതിനും

**പ്രവർത്തനങ്ങൾ**

**1.വിഭവഭൂപട നിർമാണം**

പ്രദേശത്തെ ഭൂമിശാസ്ത്രപരവും സാമൂഹികവുമായ വിഭവങ്ങൾ പട്ടികപ്പെടുത്തിയ ശേഷം ഭൂപടം തയ്യാറാക്കുന്നു. ഇവയിൽ നിന്ന് സ്കൂളിൽ നടക്കുന്ന വിവിധ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി സന്ദർശിക്കാവുന്ന സ്ഥലങ്ങൾ, സ്കൂളിലേക്ക് അതിഥി ക്ലാസ്സിനായി ക്ഷണിക്കാവുന്ന വ്യക്തികൾ എന്നിവരെ പട്ടികപ്പെടുത്തുന്നു, തുടർപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു. ഭൂപടത്തിന്റെ പകർപ്പുകൾ സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറികൾ എന്നിവയിലേക്ക് നൽകുന്നു.

**വിഭവഭൂപട നിർമാണം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

SGUPS, Anavilasam

**2. അറ്റ്ലസ് നിർമാണ പരിശീലനം**

വിവിധ വിഷയങ്ങളെ ആസ്പദമാക്കി അറ്റ്ലസുകൾ നിർമിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നു.

**അറ്റ്ലസ് നിർമാണ പരിശീലനം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

**3. പ്രാദേശിക ചരിത്ര രചന**

കുട്ടികൾ തങ്ങൾ താമസിക്കുന്ന സ്ഥലത്തിൻ്റെ ചരിത്ര രചന വിവിധ ഗ്രൂപ്പുകളിലായി നിർവ്വഹിക്കുന്നു, ഈ ചരിത്രങ്ങളെ ഒരു പുസ്തകമാക്കി പ്രിൻ്റ് ചെയ്ത് റഫറൻസിനായി സ്കൂളിലും സമീപത്തെ ലൈബ്രറികളിലും നൽകുന്നു പ്രവർത്തന കാലയളവ്

**പ്രാദേശിക ചരിത്ര രചന**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

### 4. ക്വിസ് ബോർഡ്

ഓരോ ക്ലാസ്സിലും ക്വിസ് ബോർഡുകൾ (ഫ്ലൂറസൻ്റ് ചാർട്ടിൽ) സ്ഥാപിക്കുന്നു. ക്വിസ് ബോർഡിലേക്ക് ഓരോ ദിവസവും ആനുകാലിക വിഷയങ്ങൾ, പാഠഭാഗങ്ങൾ, പത്രവാർത്തകൾ എന്നിവയെ ആസ്പദമാക്കി 3 വീതം ചോദ്യങ്ങൾ കുട്ടികൾ തന്നെ

തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ എഴുതിയിടാൻ പ്രത്യേക ബോക്സ് സ്ഥാപിക്കുന്നു. ശരിയുത്തരങ്ങൾ കണ്ടെത്തി ഓരോ ക്ലാസ്സിലും ഏറ്റവുമധികം സ്കോർ നേടുന്ന കുട്ടിക്ക് ഓരോ ആഴ്ചയിലും അസംബ്ലിയിൽ അഭിനന്ദനങ്ങൾ നൽകുന്നു.

**ക്വിസ് ബോർഡ്**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

SGUPS, Anavilasam

## ഗണിതം

### ലക്ഷ്യങ്ങൾ

1. ഗണിതത്തിലെ അടിസ്ഥാനശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പു വരുത്തൽ

2. കുട്ടികളിൽ ഗണിത പഠനതാൽപ്പര്യം വളർത്തുക

3. പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഗണിതശാസ്ത്രത്തെ ഉപയോഗപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക

### പ്രവർത്തനങ്ങൾ

### 1. 'ഒപ്പം ഒപ്പത്തിനൊപ്പം' വർക്ക് ഷീറ്റുകൾ

ഗണിത പഠനത്തിൽ അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾക്കു വേണ്ടി ഐ.സി.ടി. സഹായത്തോടെ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു, ഇവ അധ്യാപികയും ഗണിതത്തിൽ പഠനമികവ് കാണിക്കുന്ന കുട്ടികളും ചേർന്ന് അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത പ്രത്യേക ശ്രദ്ധ ആവശ്യമായ കുട്ടികൾക്ക് നൽകുന്നു. വർക്ക് ഷീറ്റുകൾ ചെയ്യുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. അടിസ്ഥാന ക്രിയകൾ, സംഖ്യാബോധം, ലഘു ജ്യാമിതീയ രൂപങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് ഇവ തയ്യാറാക്കുക.

**'ഒപ്പം ഒപ്പത്തിനൊപ്പം'**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

ST GEORGE'S UPS
ANAVILASAM

## 2. ഗണിതമാസികകൾ

അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ കുട്ടികൾ കണ്ടെത്തുകയും ശേഖരിക്കുകയും ചെയ്യുന്ന ആശയങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തി കയ്യെഴുത്തുമാസിക തയ്യാറാക്കുന്നു. ഇത് വികസിപ്പിച്ച് പിന്നീട് ഉപജില്ലാതല മത്സരങ്ങളിലേക്ക് പങ്കെടുപ്പിക്കുന്നു.

**ഗണിതമാസികകൾ**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

## 3. ഗണിതച്ചുവർ നിർമാണം

'Buliding as a learning aid' എന്ന കാഴ്ചപ്പാടോടെ സ്കൂൾ കെട്ടിടങ്ങളുടെ ചുമരുകൾ, ക്ലാസ്സ് റൂം ഭിത്തികൾ എന്നിവയിൽ ഓരോ ക്ലാസ്സിലും ഗണിതപാഠങ്ങളിൽ ചർച്ച ചെയ്യുന്ന ചിത്രങ്ങൾ, ആശയങ്ങൾ, പാറ്റേണുകൾ എന്നിവയുടെ ചിത്രീകരണം നടത്തുന്നു. ഇതിനായി പെയിൻ്റ് ചെയ്യുകയോ സ്റ്റിക്കർ പ്രിന്റിങ് നടത്തി ഒട്ടിക്കുകയോ ചെയ്യുന്നു.

**ഗണിതച്ചുവർ നിർമാണം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

SGUPS, Anavilasam

## 4. Multiplication Magic

1 മുതൽ 12 വരെയുള്ള പട്ടിക എല്ലാവരേയും പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മൾട്ടിപ്ലിക്കേഷൻ മാജിക് സ്കൂളിൽ നടപ്പിലാക്കുന്നു. ഗുണന പട്ടിക എല്ലാവരും പഠിക്കുന്നതിലൂടെ ഗുണനം, ഹരണം എന്നിവ എളുപ്പമാക്കുന്നു

**Multiplication Magic**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

## സംസ്കൃതം

**1.ശ്ലോകാലാപന മത്സരം (Shloka Alapana Matsaram):** കുട്ടികളെ ലളിതമായ സംസ്കൃത ശ്ലോകങ്ങൾ ചൊല്ലാനും അതിന് ഈണവും ഭാവവും നൽകാനും പ്രോത്സാഹിപ്പിക്കുക. എല്ലാ മാസവും ഒരു ശ്ലോകം പഠിച്ച് ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകാം.

**സംസ്കൃതം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

**2.സംസ്കൃത പദകേളി (Sanskrita Padakeli - Sanskrit Word Games):** സംസ്കൃത വാക്കുകൾ ഉപയോഗിച്ചുള്ള കളികൾ (ഉദാഹരണത്തിന്, അക്ഷരമാല ഉപയോഗിച്ച് വാക്കുകൾ കണ്ടെത്തൽ, വാക്കുകൾക്ക് അർത്ഥം കണ്ടെത്തൽ) സംഘടിപ്പിക്കുക.

**സംസ്കൃതം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

SGUPS, Anavilasam

**3.സംസ്കൃത ഗാനങ്ങൾ പഠിക്കലും അവതരിപ്പിക്കലും:** ലളിതമായ സംസ്കൃത ഭക്തിഗാനങ്ങളോ കുട്ടികൾക്ക് പാടാൻ എളുപ്പമുള്ള ഗാനങ്ങളോ പഠിപ്പിക്കുക.

**സംസ്കൃതം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

**4. സംസ്കൃത ക്വിസ് മത്സരം (Sanskrita Quiz Matsaram):** സംസ്കൃത ഭാഷയെയും സംസ്കാരത്തെയും കുറിച്ചുള്ള ലളിതമായ ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരങ്ങൾ നടത്തുക.

**സംസ്കൃതം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

## കലാപഠനം

**ലക്ഷ്യങ്ങൾ**

1. കുട്ടികളിലുള്ള കലാപരമായ മികവുകളും കഴിവുകളും കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന്

2. കലാപഠനത്തിന് പ്രാദേശികസാധ്യതകൾ ഉപയോഗിക്കുന്നതിന്

3. വിവിധ ചിത്രരചനാ സങ്കേതങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന്

പ്രവർത്തനങ്ങൾ

**1. ചിത്രരചനാ ക്ലാസ്സുകൾ**

പ്രാദേശിക വിദഗ്ധരെ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് 1 മണിക്കൂർ വീതം രണ്ടാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം നൽകുന്നു. ചിത്രരചനയിലെ വിവിധ സങ്കേതങ്ങൾ പരിചയപ്പെടുത്തുന്നു.

SGUPS, Anavilasam

**ചിത്രരചനാ ക്ലാസ്സുകൾ**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

**കലാകായിക ആരോഗ്യ വിദ്യഭ്യാസം**

**ലക്ഷ്യങ്ങൾ**

1. വിവിധ ഗെയിമുകളുടെ നിയമങ്ങൾ പരിചയപ്പെടുന്നതിനും കളികളിൽ പ്രവീണ്യം നേടുന്നതിനും

2. കുട്ടികളെ വിവിധ ഗെയിമുകളിൽ പ്രതിഭകളാക്കി മാറ്റുന്നതിന്

**പ്രവർത്തനങ്ങൾ**

**1. INDOOR GAMES**

കുട്ടികൾക്ക് കാരംസ്, ചെസ്സ് തുടങ്ങിയ ഗെയിമുകളിൽ പരിശീലനം നൽകുന്നു. കുട്ടികളെ കളിയുടെ നിയമങ്ങൾ പരിചയപ്പെടുത്തുന്നു.

**INDOOR GAMES**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

**2. MASS DRILL**

മാസ് ഡ്രിൽ പരിശീലനം നൽകുന്നു. കുട്ടികളുടെ മാസ്ഡ്രിൽ ഒരോ ടേമിലും നടത്തുന്നു.

**INDOOR GAMES**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക/ അധ്യാപകൻ |

SGUPS Anavilasam

# ക്ലബ്ബ് പ്രവർത്തനങ്ങൾ

## സയൻസ് ക്ലബ്ബ്

**ലക്ഷ്യം**

1. കുട്ടികളിൽ ശാസ്ത്രപഠനതാൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും അന്വേഷണത്വര സൃഷ്ടിക്കുന്നതിനും

**പ്രവർത്തനങ്ങൾ**

**1.സയൻസ് ന്യൂസ് പേപ്പർ**

പരിസ്ഥിതി ദിനം, ദേശീയ ശാസ്ത്രദിനം, ഓസോൺ ദിനം, ചാന്ദ്രദിനം എന്നീ ദിനങ്ങളോടനുബന്ധിച്ച് കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ന്യൂസ് പേപ്പറുകൾ തയ്യാറാക്കുന്നു. ഇതിനായി ഓരോ വർഷവും പ്രത്യേകം എഡിറ്റോറിയൽ ബോർഡുകൾ രൂപീകരിക്കുന്നു.

| സയൻസ് ന്യൂസ് പേപ്പർ | |
|---|---|
| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

### 2. ദിനാചരണ ക്വിസ്

പരിസ്ഥിതി ദിനം, ദേശീയ ശാസ്ത്രദിനം, ഓസോൺ ദിനം, ചാന്ദ്രദിനം എന്നീ ദിനങ്ങളോടനുബന്ധിച്ച് ഒരു ദിവസം കുട്ടികൾക്കായി ഡോക്യുമെന്ററി പ്രദർശനം/പ്രത്യേക ക്ലാസ്സ് നൽകുന്നു. രണ്ടാം ദിവസം ക്വിസ് മത്സരം നടത്തുന്നു. ക്വിസിനായുള്ള ചോദ്യങ്ങൾ, സ്ലൈഡുകൾ എന്നിവ ക്ലബ്ബിലെ കുട്ടികൾ തയ്യാറാക്കുന്നു.

## പരിസ്ഥിതി ക്ലബ്ബ്

### ലക്ഷ്യങ്ങൾ

1. കുട്ടികളിൽ പരിസ്ഥിതിപഠനതാൽപ്പര്യം വളർത്തുന്നതിനും പ്രാദേശിക സാധ്യതകൾ പരിസ്ഥിതി പഠനത്തിൽ ഉപയോഗപ്പെടുത്തുന്നതിനും

### പ്രവർത്തനങ്ങൾ

### 1. പരിസ്ഥിതി കലണ്ടർ നിർമാണം

പരിസ്ഥിതിയുമായി ബന്ധപ്പെട്ട (കൃഷി, വനം, ജലം...) പ്രധാന ദിനങ്ങൾ കണ്ടെത്തി പരിസ്ഥിതി ക്ലബ്ബ് അംഗങ്ങളായ കുട്ടികൾ പരിസ്ഥിതി കലണ്ടർ നിർമിക്കുന്നു. വിവിധ ക്ലാസ്സുകളിലേക്ക് പകർപ്പ് നൽകുന്നു.

SGUPS, Anavilasam

| പരിസ്ഥിതി കലണ്ടർ നിർമാണം | |
|---|---|
| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

### 2. പരിസ്ഥിതി പത്രം നിർമാണം

പരിസ്ഥിതി ക്ലബ്ബ് അംഗങ്ങളിൽ നിന്ന് പ്രത്യേക എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ച് കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസ്ഥിതി

പത്രം A3 സൈസിൽ അച്ചടിച്ച് പുറത്തിറക്കുന്നു. പത്രം കുട്ടികൾക്കും ഗ്രാമസഭകളിലും വിതരണം ചെയ്യുന്നു.

**പരിസ്ഥിതി കലണ്ടർ നിർമാണം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

### 3. ക്വിസ് മത്സരങ്ങളും തൈ വിതരണവും

കുട്ടികൾ വഴി വൃക്ഷത്തൈകൾ, ചെടികൾ എന്നിവ ശേഖരിക്കുകയും പോളിത്തീൻ ബാഗുകൾ കുട്ടികൾക്ക് നൽകി അവയിൽ തൈകൾ നട്ടു പിടിപ്പിക്കുകയും ചെയ്യുന്നു. ഓരോ മാസവും ക്ലബ്ബ് അംഗങ്ങൾ തന്നെ ചോദ്യങ്ങൾ തയ്യാറാക്കി ക്വിസ് മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് തൈകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

**ക്വിസ് മത്സരങ്ങളും തൈ വിതരണവും**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

## ഗണിത ക്ലബ്ബ്

### ലക്ഷ്യങ്ങൾ

1. ഗണിത പഠനതാൽപ്പര്യം വളർത്തുകയും ഗണിത പഠനത്തിലെ സർഗ്ഗാത്മകത ആസ്വദിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക

### പ്രവർത്തനങ്ങൾ

**1. PUZZLE BOARD**

ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ പൊതുവായി പസിൽ ബോർഡ് സ്ഥാപിക്കുന്നു. ഓരോ ആഴ്ചയും ഗണിത ക്ലബ്ബ് അംഗങ്ങൾ ഗണിതപസിലുകൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേകം ബോക്സ് സ്ഥാപിക്കുന്നു. ശരിയുത്തരങ്ങൾ പരിശോധിച്ച് അസംബ്ലികളിൽ വിജയികളെ അഭിനന്ദിക്കുന്നു.

**PUZZLE BOARD**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

### 2. ഗണിത പൂക്കള നിർമാണ മത്സരം

ആഗസ്റ്റ് മാസത്തിൽ കുട്ടികൾക്കായി ഗണിത പൂക്കള മത്സരം നടത്തുന്നു. കമ്പ്യൂട്ടർ സഹായത്തോടെ പൂക്കളം നിർമിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നു.

**ഗണിത പൂക്കള നിർമാണ മത്സരം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

## English Club

**Objectives:**

1. Create situations for the students to use English naturally

2. Help the students to get more exposure to the language from the society

**Activities:**

**1. Drama fest**

English dramas are exhibited using ICT for one week. Discussions are conducted based on the scenes and characters.

**Drama fest**

| Time Period | Facilitator |
|---|---|
| **June - March** | **Club coordinator** |

**2. English news board**

A news board will be established in the school to paste news and interesting descriptions in English. Members in English club updates the news board using the newspapers and magazines.

**English news board**

| Time Period | Facilitator |
|---|---|
| **June - March** | **Club coordinator** |

UPS, Anavilasam

## ഹിന്ദി ക്ലബ്ബ്

**ലക്ഷ്യങ്ങൾ**

1. ഹിന്ദി പഠനത്തിൽ താൽപ്പര്യമുണർത്തുന്ന വിധം നിത്യജീവിതവുമായി ബന്ധപ്പെടുത്തി പഠനപ്രവർത്തനങ്ങൾ നടത്തുക

2.സ്വാഭാവിക സാഹചര്യത്തിൽ ഹിന്ദി ഉപയോഗിക്കാനുള്ള അവസരം സൃഷ്ടിക്കുക

പ്രവർത്തനങ്ങൾ

**1. ഹിന്ദി ദിനാചരണം**

സപ്തംബർ 14 ന് ഹിന്ദി ദിനാചരണത്തോടനുബന്ധിച്ച് പോസ്റ്റർ രചന, പ്രഭാഷണം എന്നിവ നടത്തുന്നു. ക്ലബ്ബംഗങ്ങൾ നേതൃത്വം നൽകുന്നു.

**ഹിന്ദി ദിനാചരണം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

**2. ഹിന്ദി അസംബ്ലി**

മാസത്തിൽ ഒരു തവണയെങ്കിലും ഹിന്ദി അസംബ്ലി നടത്തുന്നു. കുട്ടികൾക്ക് ഹിന്ദിയിലുള്ള താൽപര്യം കൂടുന്ന വിധത്തിലുള്ള മനോഹരമായ പരിപാടികൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു

**ഹിന്ദി അസംബ്ലി**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

# സാമൂഹ്യശാസ്ത്ര ക്ലബ്ബ്

**ലക്ഷ്യങ്ങൾ**

**1. ഗ്രാമപഠനവും ഡോക്യുമെൻ്ററി നിർമാണവും**

പ്രാദേശിക ചരിത്രം തയ്യാറാക്കുകയും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അഭിമുഖങ്ങൾ, സ്ഥലസന്ദർശനങ്ങൾ എന്നിവ നടത്തി ആനവിലാസം എന്ന പ്രദേശം വിദ്യാലയം എന്നിവയെപ്പറ്റി ലഘു ഡോക്യുമെന്ററി തയ്യാറാക്കുകയും ചെയ്യുന്നു. ഇതിനായി കുട്ടികൾക്ക് കൃത്യമായ ചുമതലകൾ നൽകുന്നു.

**ഗ്രാമപഠനവും ഡോക്യുമെൻ്ററി നിർമാണവും**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

**2. നിയമപഠനക്ലാസ്സ്**

മനുഷ്യവകാശ ദിനാചരണത്തോടനുബന്ധിച്ച് കട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങളുടെ വിശദാംശങ്ങൾ നൽകുന്ന നിയമപഠനക്ലാസ്സ് നൽകുന്നു.

**നിയമപഠനക്ലാസ്സ്**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

UPS Anav

# വിദ്യാരംഗം കലാസാഹിത്യവേദി

**ലക്ഷ്യങ്ങൾ**

1.ഭാഷ, സാഹിത്യം എന്നിവയിൽ കുട്ടികൾക്ക് താൽപ്പര്യം വളർത്തുന്നതിന് 2. വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ

**പ്രവർത്തനങ്ങൾ**

**1. കവിതാശിൽപ്പശാല**

പ്രശസ്ത കവികളെ സ്ക്കൂളിലെത്തിച്ച് കവിതാരചന, രചനാ സങ്കേതങ്ങൾ എന്നിവ സംബന്ധിച്ച് കുട്ടികൾക്ക് പരിശീലനം നൽകുകയും കവിതകൾ രചിക്കാൻ കുട്ടികൾക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. കുട്ടികളുടെ രചനകൾ കയ്യെഴുത്ത് സമാഹാരമായി പുറത്തിറക്കുന്നു. മികച്ചവ സ്ക്കൂൾ മാഗസിനിൽ ഉൾപ്പെടുത്തുന്നു.

**കവിതാശിൽപ്പശാല**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

**2. അനുസ്മരണ സദസ്സുകൾ**

വയലാർ അനുസ്മരണം, ഒ.എൻ.വി. അനുസ്മരണം എന്നിവ നടത്തുകയും കാവ്യാലാപന മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഗാനങ്ങൾ, കവിതകൾ എന്നിവ ശേഖരിക്കുന്നു.

**അനുസ്മരണ സദസ്സുകൾ**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

### 3. വായനാവാരാചരണ പരിപാടികൾ

ജൂൺ 19 മുതലുള്ള ഒരാഴ്ച വായനാസെമിനാർ, പുസ്തകാവതരണസദസ്സ്, കാവ്യാലാപനസദസ്സ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു.

**വായനാവാരാചരണ പരിപാടികൾ**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

## Health ക്ലബ്ബ്

### ലക്ഷ്യങ്ങൾ

1. വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി കുട്ടികൾക്ക് ധാരണയുണ്ടാക്കൽ

2. ശുചിത്വ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കൽ, ശുചിത്വ ശീലങ്ങൾ വളർത്തൽ

### 1. ക്ലാസ്സ്റൂം പൂന്തോട്ടങ്ങൾ

ക്ലാസ്സ് റൂം പൂന്തോട്ടങ്ങൾ സ്ഥാപിക്കാൻ ഓരോ ക്ലാസ്സിലെയും ശുചിത്വ ക്ലബ്ബ് അംഗങ്ങൾ നേതൃത്വം നൽകുന്നു. ഓരോ കുട്ടിയുടെ വീട്ടിൽ നിന്നും കൊണ്ടു വരുന്ന ചെടികൾ കൃത്യമായ പ്ലാനോടെ ക്ലാസ്സ് പരിസരത്ത് വച്ചു പിടിപ്പിക്കുന്നു.

**ക്ലാസ്സ്റൂം പൂന്തോട്ടങ്ങൾ**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

### 2. മാലിന്യം ഇനം തിരിക്കൽ

വിവിധയിനം മാലിന്യങ്ങൾ സംസ്ക്കരിക്കാൻ ഓരോന്നിനും പ്രത്യേകം ബിന്നുകൾ കാമ്പസിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നു. ഇവയിലെ മാലിന്യങ്ങൾ ഇനം തിരിക്കുന്നു. പുനരുപയോഗസാധ്യതയുള്ളവ ശേഖരിച്ചു വിൽക്കുന്നു.

**മാലിന്യം ഇനം തിരിക്കൽ**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

**3. Dry Day**

ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കുന്നു. ക്യാമ്പസിലെ കെട്ടിക്കിടക്കുന്ന വെള്ളം വൃത്തിയാക്കി ശുചീകരിക്കുന്നു.

**Dry Day**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

**4. കാലിഗ്രാഫി പരിശീലനം**

കാലിഗ്രാഫി രീതിയിൽ മനോഹരമായി മലയാളം, ഇംഗ്ലീഷ് ഭാഷകൾ എഴുതുന്നതിന് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ.

**കാലിഗ്രാഫി പരിശീലനം**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

## Nature ക്ലബ്ബ്

**ലക്ഷ്യങ്ങൾ**

1. ജൈവവൈവിധ്യം, അതിൻ്റെ പ്രാധാന്യം, സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് ധാരണ രൂപീകരിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

**1. ശലഭ ക്ലാസ്സ്**

ചിത്രശലഭങ്ങൾ, അവയുടെ ആതിഥേയ സസ്യങ്ങൾ, പ്രത്യേകതകൾ, ശലഭ പാർക്ക് വിപുലീകരണം എന്നിവ സംബന്ധിച്ച് കുട്ടികൾക്ക് ക്ലാസ്സ് നൽകുന്നു.

**ശലഭ ക്ലാസ്സ്**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

SGUPS, Anavilasam

# സാമൂഹിക പിന്തുണയിലൂന്നിയ അക്കാദമിക പ്രവർത്തനങ്ങൾ

**ലക്ഷ്യങ്ങൾ**

1. പഠനപ്രവർത്തനങ്ങൾക്ക് സാമൂഹ്യ പിന്തുണ ഉപയോഗിക്കുക

2. വികസനത്തിന് ഗ്രാമവും വിദ്യാലയവും കൈകോർക്കൽ, ഗ്രാമത്തിനും വിദ്യാലയത്തിനും വികസനം സൃഷ്ടിക്കൽ

3. കുട്ടികളുടെ ഗാർഹിക പഠനാന്തരീക്ഷം മെച്ചപ്പെടുത്തലും പഠനത്തിൽ രക്ഷിതാക്കളുടെയും സമൂഹത്തിൻ്റെയും സഹായം ഉറപ്പിക്കൽ

**പ്രവർത്തനങ്ങൾ**

**1.വായനാ കോർണർ**

കുട്ടികളിൽ വായനശീലം വളർത്താനായി വായനമൂല ക്രമീകരിക്കുന്നു. വായനയ മൂലകളിൽ കുട്ടികളുടെ വായനശേഷി വളർത്തുവാൻ ആവശ്യമായ പുസ്തകങ്ങൾ അടുക്കി വെയ്ക്കുന്നു.

**വായനാ കോർണർ**

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂലൈ മുതൽ മാർച്ച് വരെ | ക്ലബ്ബ് കോർഡിനേറ്റർ |

**2. അതിഥിക്കൊപ്പം അരമണിക്കൂർ**

പ്രദേശത്തെ വ്യത്യസ്ഥ മേഖലകളിൽ വിദഗ്ധരായവരെ പി.ടി.എ., എഡ്യൂക്കേഷൻ വൊളണ്ടിയർ ഗ്രൂപ്പുകൾ എന്നിവ വഴി ലിസ്റ്റ് ചെയ്യുന്നു. ഓരോ ടേമിലും ഒരു അതിഥി എന്ന രീതിയിൽ അതിഥിക്കൊപ്പം സംവദിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു.

അതിഥിക്കൊപ്പം അരമണിക്കൂർ

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

## പ്രവർത്തനങ്ങളുടെ നടത്തിപ്പും, മോണിറ്ററിങ്ങും

ആസൂത്രണം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്ക്കൂൾ ഹെഡ്മാസ്റ്റർ, സീനിയർ അസിസ്റ്റന്റ്, എസ്.ആർ.ജി. കൺവീനർമാർ എന്നിവരുടെ നേതൃത്വത്തിൽ കൃത്യമായ മോണിറ്ററിങ്ങ് നടത്തുന്നു. ഓരോ പ്രവർത്തനത്തിനും ചുമതലയുള്ള അധ്യാപകർ പ്രവർത്തനം നടത്തേണ്ട സമയങ്ങളിൽ കൃത്യമായ ആസൂത്രണം നടത്തി സഹപ്രവർത്തകരുടെ സഹായത്തോടെ അവ നടപ്പിലാക്കുന്നു. അക്കാദമിക മികവിനായുള്ള ഭൗതിക സാഹചര്യപ്രവർത്തനങ്ങൾ, സമൂഹബന്ധിതമായി നടപ്പിലാക്കേണ്ട അക്കാദമിക പ്രവർത്തനങ്ങൾ, സമൂഹപിന്തുണ ആവശ്യമായതും പൊതുസമൂഹത്തിന് ഗുണകരമായതുമായ അക്കാദമിക പ്രവർത്തനങ്ങൾ, സ്ക്കൂളിന്റെ സവിശേഷ പ്രവർത്തനങ്ങൾ എന്നിവയുടെ നടത്തിപ്പ് പി.ടി. എ, എസ്.എം. സി, എജ്യുക്കേഷൻ വൊളണ്ടിയർ ഗ്രൂപ്പുകൾ, പഞ്ചായത്ത്, എന്നിവയുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.

ഹ്രസ്വകാല പ്രവർത്തനങ്ങൾ (1-7 മാസം), മധ്യകാല പ്രവർത്തനങ്ങൾ (1 വർഷം വരെ), ദീർഘകാല പ്രവർത്തനങ്ങൾ (1 വർഷത്തിനു മുകളിൽ) എന്നിവ വാർഷിക പ്രവർത്തന കലണ്ടർ, പ്രതിമാസ പ്രവർത്തന കലണ്ടർ എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കുന്നു. എസ്.ആർ. ജികൾ, പി.ടി.എ. യോഗങ്ങൾ എന്നിവയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ നടത്തിപ്പ് വിലയിരുത്തുന്നു. സമയോചിതമായ മാറ്റങ്ങൾ നിർദ്ദേശിച്ച് പരിഷ്കരിക്കുകയും ചെയ്യുന്നു.

SGUPS, Anavilasam

# ഉപസംഹാരം

വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതോടൊപ്പം ഒരോ കുട്ടിയുടേയും കഴിവുകൾ കണ്ടെത്തി, വ്യത്യസ്ഥമായ പഠനരീതികൾ അവലംബിച്ച് ഒരോ വിദ്യാർത്ഥിയേയും സമുഹത്തിലെ നല്ല പൗരനായി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയതാണ് സെൻ്റ് ജോർജ് യൂ. പി. സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ.

Management, ഹെഡ്മാസ്റ്റർ, മാതാപിതാക്കൾ, അധ്യാപകർ വിദ്യാർത്ഥികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഒരു നല്ല സമൂഹത്തെ വാർത്തെടുക്കാവൻ നമുക്ക് സാധിക്കും.

ഈ വർഷം നമ്മൾ നടപ്പിലാക്കുന്ന "Creative sparks of the year " ലൂടെ ഒരോകുട്ടിയും അവരുടെ പഠന പ്രവർത്തനങ്ങളിൽ മാത്രമല്ല പാഠ്യേതര പ്രവർത്തനങ്ങളിലും മുന്നേറുമെന്ന് ഉറപ്പുണ്ട്. അതിന് അവരെ പര്യാപ്തരാക്കുന്ന വ്യത്യസ്ഥമായ വാതായനങ്ങൾ നാം തുറന്നു കൊടുക്കുകയാണ് ഈ മാസ്റ്റർ പ്ലാനിലൂടെ.

നമുക്ക് ഒന്നു ചേർന്ന് നമ്മുടെ കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാം. നമ്മുടെ കുഞ്ഞുങ്ങൾ അറിവിൽ വളരട്ടെ.... നാളെയുടെ വാഗ്ദാനങ്ങളായി മാറട്ടെ.



Academic Master Plan Committee,

St. George UPS, Anavilasam

| | |
|---|---|
| **സ്റ്റാഫ് സെക്രട്ടറി** | ജാസ്മിൻ ജോസഫ് |
| **P T A സെക്രട്ടറി** | അരുൺ ദേവസ്യ |
| **MPTA സെക്രട്ടറി** | സിമി ജോസഫ് |
| **SRG കൺവീനർ** | ഡയാന ജോസഫ് (UP), ടിൻസി വർഗീസ് (LP) |
| **ഉച്ചഭക്ഷണം** | ജോബിന ജോസഫ്, സരുൺ സാബു |
| **ഫിനാൻസ്** | സിബിച്ചൻ kA, Sr. സോണിയ |
| **സ്കൂൾ ബസ്** | അരുൺദേവസ്യ, റോഷിൻറോയി, സിമി ജോസഫ്, സിബിച്ചൻ KA |
| **ലൈബ്രറി** | സിമ്മി സെബാസ്റ്റ്യൻ, ടിൻസി വർഗീസ് |
| **വിദ്യാരംഗം** | സിമ്മി സെബാസ്റ്റ്യൻ, സിബിച്ചൻ KA, റോഷിൻ റോയി, sr. എമിലിയ |
| **KCSL** | Sr. സോണിയ സേവ്യർ, Sr. ദിവ്യാമോൾ ദേവസ്യ |
| **IT ക്ലബ്ബ്** | സരുൺ സാബു, അരുൺ ദേവസ്യ, ലിജി സൂര്യൻ റോഷിൻ റോയി |
| **ഹെൽപ് ഡെസ്ക്** | ഡയാന ജോസഫ്, sr. സോണിയ |
| **വിൻസെന്റ് ഡി പോൾ** | സിബിച്ചൻ KA |
| **Sports** | അരുൺ ദേവസ്യ, റോഷിൻ റോയി, Sr. സോണിയ |
| സീനിയർ അസിസ്റ്റൻ്റ് | സോണിയ സേവ്യർ |

SGUPS Anavilasam